**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1582** **19-01-2021 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ജില്ലയിലെ വൃദ്ധജന പരിപാലന സ്ഥാപനങ്ങളെ സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ജോയി | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അശരണരായ വൃദ്ധ ജനങ്ങളെ പരിപാലിക്കുന്നതിനായിട്ടുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ അശരണരായ വൃദ്ധ ജനങ്ങളെ പരിപാലിക്കുന്നതിനായിട്ടുള്ള സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഗ്രാമപഞ്ചായത്തുകൾ. പാറശ്ശാല, ചെങ്കൽ, കൊല്ലയിൽ, മലയിൻകീഴ്, വിളപ്പിൽ, കല്ലിയൂർ, അണ്ടൂർക്കോണം, പോത്തൻകോട്, പൂവച്ചൽ, വിതുര, അരുവിക്കര, കരകുളം, കല്ലറ, നെല്ലനാട്, കിളിമാനൂർ, കിഴുവില്ലം, മുദാക്കൽ. നഗരസഭകൾ നെടുമങ്ങാട് _1 നെയ്യാറ്റിൻകര -2 വർക്കല -3 ആറ്റിങ്ങൽ -3 തിരുവനന്തപുരം-2 ബ്ലോക്ക് പഞ്ചായത്തുകൾ വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ കാട്ടാക്കട, പൂവച്ചൽ, കുറ്റിച്ചൽ, ആര്യനാട് ഉഴമലയ്ക്കൽ, വിതുര എന്നീ പഞ്ചായത്തുകൾ. പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ആര്യൻകോട്, കള്ളിക്കാട്, കൊല്ലയിൽ, പെരുങ്കടവിള, ഒറ്റശേഖരമംഗലം, വെള്ളറട, കുന്നത്തുകാൽ എന്നീ പഞ്ചായത്തുകൾ. പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപെട്ട അഴൂർ, കഠിനംകുളം, മംഗലപുരം എന്നീ ഗ്രാമപഞ്ചായത്തുകൾ. |
| (ബി) | വൃദ്ധജന പരിപാലന സ്ഥാപനങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നവ എത്ര; സ്വകാര്യ വ്യക്തികളും ചാരിറ്റബിൾ സംഘടനകളും നടത്തുന്നവ എത്ര; വ്യക്തമാക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വൃദ്ധജന പരിപാലന സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഗ്രാമപഞ്ചായത്തുകൾ -10 തിരുവനന്തപുരം നഗരസഭ - 2 നെടുമങ്ങാട് നഗരസഭ -1 നെയ്യാറ്റിൻകര നഗരസഭ -1 വർക്കല നഗരസഭ-1 വെള്ളനാട് ബ്ലോക്ക് പഞ്ചായത്ത്- 3 പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത്-2 പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത്-6 സ്വകാര്യ വ്യക്തികളും ചാരിറ്റബിൾ സംഘടനകളും നടത്തുന്നവ ഗ്രാമപഞ്ചായത്തുകൾ -11 വർക്കല നഗരസഭ -2 ആറ്റിങ്ങൽ നഗരസഭ -3 നെയ്യാറ്റിൻകര നഗരസഭ |

| | | | |
|---|---|---|---|
| | | | -1 വെള്ളനാട് ബ്ലോക്ക്പഞ്ചായത്ത് - 5<br>പെരുങ്കടവിള ബ്ലോക്ക്പഞ്ചായത്ത് - 1 |
| (സി) | സ്വകാര്യ വ്യക്തികളും ചാരിറ്റബിൾ സംഘടനകളും നടത്തുന്ന സ്ഥാപനങ്ങളിൽ വൃദ്ധജന പരിപാലനത്തിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിന് സർക്കാർ പരിശോധനാ സംവിധാനം നിലവിലുണ്ടോ; വിശദമാക്കാമോ? | (സി) | ഉണ്ട്. ഗ്രാമപഞ്ചായത്തുകളിൽ കുടുംബാരോഗ്യ കേന്ദ്രത്തിലെ ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. ബ്ലോക്ക് പരിധിയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും വനിതാ ശിശുവികസന വകുപ്പിൽ നിന്നുള്ള സൂപ്പർ വൈസർമാർ അതത് ഗ്രാമപഞ്ചായത്തുകളിൽ പരിശോധന നടത്തുന്നുണ്ട്. നെയ്യാറ്റിൻകര, വർക്കല എന്നീ നഗരസഭകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ, ശുചിത്വ നിലവാരം നഗരസഭ ആരോഗ്യ വിഭാഗം പരിശോധിച്ച് ഉറപ്പ വരുത്താറുണ്ട് എന്നാൽ നെടുമങ്ങാട്, ആറ്റിങ്ങൽ, തിരുവനന്തപുരം നഗരസഭകളിൽ പരിശോധനാ സംവിധാനം നിലവിലില്ല. |

സെക്ഷൻ ഓഫീസർ